പന്തളം—ആറന്മുള റോഡ്

*൨൪൫൪. (ശ്രീ പി) ശ്രീ. കെ. എം.മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ താലൂക്കിൽ പന്തളം ആറന്മുള റോഡ് വളരെ ശോച്യമായ അവസ്ഥയിലാണ് കിടക്കുന്നതു് എന്നുള്ള വസ്തുത ഗവണ്മെണ്ടിനറിയാമോ;

(ബി) ഈ റോഡ് മെറ്റൽചെയ്തു നന്നാക്കുന്നതിനു് ശ്രീ പി. ൪-ൽ കൺട്രാക്ടു് കൊടുക്കുകയും മെറ്റൽ ശേഖരിക്കുകയും ചെയ്തതാണെങ്കിലും യാതൊരു വേലയും ആ റോഡിൽ ചെയ്യാതെ കിടക്കുകയാണെന്നറിയാമോ;

(സി) അനാഥമായ ഈ അവസ്ഥക്കു് ഉത്തരവാദി ആരാണു്;

(ഡി) ഉടനെതന്നെ പ്രധാനപ്പെട്ട ഈ റോഡ് നന്നാക്കുന്നതിനു് നടപടി സ്വീകരിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) അറിയാം.

(ബി) ഇല്ല. റോഡിൽ വേല നടന്നുകൊണ്ടിരിക്കുകയാണു്.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടു്.

മണക്കുന്നം പകുതി

*൨൪൫൫. (ശ്രീ ഐ) ശ്രീ. കെ. കെ കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മണക്കുന്നം പകുതി കൊച്ചി-കണയന്നൂർ താലൂക്കിനോടു് കൂട്ടിച്ചേർക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് അവിടത്തെ (മണക്കുന്നം പകുതിയിലെ) ജനങ്ങളുടെ വല്ല നിവേദനങ്ങളും ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ചു ഗവണ്മെണ്ടു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

(ബി) ഈ കാര്യം ആലോചനയിൽ ഇരിക്കുകയാണു്.

കൊല്ലംകടവു പാലം

*൨൪൫൬. (ശ്രീ വൈ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചെങ്ങന്നൂർ മാവേലിക്കര റോഡിൽ കൊല്ലംകടവു പാലം പണിയുന്നതിനു് എന്നാണു് അനുവദിച്ചതു;

(ബി) എന്നു പണി തുടങ്ങി, ഇപ്പോൾ എത്രമാത്രം പുരോഗമിച്ചു;

(സി) ആ പാലം പണിയുന്നതിലേക്കു് എത്ര തുക അനുവദിച്ചു; അതിൽ എത്ര സംഖ്യ ചിലവായി;

(ഡി) ഇപ്പോൾ പണി ഏതു നിലയിലിരിക്കുന്നു;

(ഇ) പണി എന്നു തീരുമെന്നു ഗവണ്മെണ്ടു് പ്രതീക്ഷിക്കുന്നു?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ൧൯൪൭-൪൮ൽ.

(ബി) പ്രാഥമിക ജോലികൾ കഴിഞ്ഞു കുറേ ശ്രീ പി. ൪-ൽ പാലം പണി തുടങ്ങി. ഇപ്പോൾ ഏകദേശം കാൽ ഭാഗം പണി തീർന്നിട്ടുണ്ടു്.

(സി) ൪,൧൭,൭൦൫ രൂപാ അനുവദിച്ചു. ഇപ്പോണ്ടു് ഒക്ടോബർ അവസാനംവരെ ൪൫,൧൭൫ രൂപാ ചിലവായി.

(ഡി) ഇപ്പോൾ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഇ) ൧൯൫൦-ൽ.

LIBRARY ARCHIVES Kerala Legislative Assembly